# 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3491** **26-06-2024 - ൽ മറുപടിയ്ക്ക്**

### ഹൗസിംഗ് ബോർഡിൽ ടൈപ്പിസ്റ്റ് തസ്തികകളുടെ ഒഴിവുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന ഹൗസിംഗ് ബോർഡിൽ ടൈപ്പിസ്റ്റിന്റെ എത്ര അംഗീകൃത തസ്തികകളാണ് ഉള്ളതെന്ന് അറിയിക്കാമോ; | (എ) | കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിൽ ടൈപ്പിസ്റ്റ് വിഭാഗത്തിൽ പ്രവേശന തസ്തികയായ ടൈപ്പിസ്റ്റ് ഗ്രേഡ് II, സ്ഥാനക്കയറ്റം മുഖേന നികത്തുന്ന തസ്തികകളായ ടൈപ്പിസ്റ്റ് ഗ്രേഡ് I, സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ്, സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് എന്നിവയാണുള്ളത്. ടി വിഭാഗങ്ങളിലായി 40 അംഗീകൃത തസ്തികകളാണ് ഉള്ളത്. വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | നിലവിൽ പ്രസ്തുത തസ്തികയിൽ എത്ര പേരാണ് ദിവസവേതനം, അന്യത്ര സേവനം, കരാർ നിയമനം എന്നിവ പ്രകാരം ജോലി ചെയ്യുന്നതെന്ന് വിശദമാക്കാമോ; | (ബി) | കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിൽ പ്രസ്തുത തസ്തികയിൽ ദിവസ വേതനാടിസ്ഥാനത്തിലോ, അന്യത്ര സേവനത്തിലോ, കരാർ വ്യവസ്ഥയിലോ ജീവനക്കാർ ആരും നിലവിലില്ല. |
| (സി) | പ്രസ്തുത തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ? | (സി) | നിലവിൽ ടൈപ്പിസ്റ്റ് ഗ്രേഡ് II തസ്തികയിൽ 11-ും, ടൈപ്പിസ്റ്റ് ഗ്രേഡ് I തസ്തികയിൽ 15-ും, സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിൽ 6-ും, സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിൽ 7-ും അടക്കം ആകെ 39 ഒഴിവുകളാണുള്ളത്. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

| തസ്തിക | അംഗീകൃത തസ്തികകളുടെ എണ്ണം |
|---|---|
| ടൈപ്പിസ്റ്റ് ഗ്രേഡ് II | 11 |
| ടൈപ്പിസ്റ്റ് ഗ്രേഡ് I | 15 |
| സീനിയർ  ഗ്രേഡ് ടൈപ്പിസ്റ്റ് | 7 |
| സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് | 7 |
| **ആകെ** | 40 |